## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2224 — 15/07/2011 ന് മറുപടിയ്ക്ക്

### തലപ്പിള്ളി താലൂക്ക്, കരിക്കാട് ഗ്രൂപ്പ് വില്ലേജ് ആഫീസിലെ അനുവദനീയമായ തസ്തികകൾ

**ചോദ്യം**

ശ്രീ. ബാബു എം. പാലിശ്ശേരി

(എ) തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്ക് കരിക്കാട് ഗ്രൂപ്പ് വില്ലേജ് ആഫീസിലെ അനുവദനീയമായ തസ്തികകൾ ഏതൊക്കെയാണ്;

(ബി) ഓരോ തസ്തികയിലും നിലവിൽ ജോലി നോക്കിവരുന്നവരുടെ എണ്ണം എത്രയാണ്;

(സി) എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത് ;

(ഡി) വർദ്ധിച്ച ജോലിഭാരം അനുഭവപ്പെടുന്ന പ്രസ്തുത ഗ്രൂപ്പ് വില്ലേജ് ആഫീസിലെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) കരിക്കാട് ഗ്രൂപ്പ് വില്ലേജ് ആഫീസിൽ വില്ലേജ് ആഫീസറുടെ ഒന്നും, വില്ലേജ് അസിസ്റ്റന്റ്/ സ്പെഷ്യൽ വില്ലേജ് ആഫീസറുടെ മൂന്നും, വില്ലേജ്മാന്റെ മൂന്നും തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) കരിക്കാട് ഗ്രൂപ്പ് വില്ലേജ് ആഫീസിൽ ഒരു വില്ലേജ് ആഫീസറും രണ്ട് വില്ലേജ് അസിസ്റ്റന്റുമാരും രണ്ട് വില്ലേജ്മാൻ മാരും നിലവിൽ ജോലി നോക്കി വരുന്നു.

(സി) വില്ലേജ് അസിസ്റ്റന്റ്/ സ്പെഷ്യൽ വില്ലേജ് ആഫീസറുടെയും വില്ലേജ് മാന്റെയും ഓരോ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു.

(ഡി) യും (ഇ) യും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ